# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ചിതറ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001

ഇ-മെയിൽ: doklm.ksad@kerala.gov.in

ഫോൺ : 0474-2740141

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA KLM P3/333/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001
തീയ്യതി: 23/07/2022
ഇ-മെയിൽ: doklm.ksad@kerala.gov.in
ഫോൺ: 0474-2740141

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ചിതറ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ചിതറ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചിതറ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA KLM P3/333/2022 തീയ്യതി: 23/07/2022

## കൊല്ലം ജില്ലയിലെ ചിതറ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ ചിതറ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 10-10-2019 മുതൽ 05-02-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 18 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 12 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി.അമ്പിളി.എം.ഡി | ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.) | 07-02-2022 | 19-02-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 07-02-2022 | 19-02-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. ജി. സജികുമാർ, ഓഡിററ് ഓഫീസർ(ഹ.ഗ്രേ)
ശ്രീ. അരുൺകുമാർ, അസി. ഓഡിററ് ഓഫീസർ
ശ്രീ. രാജൻ. വി. ഡി, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി. ജയകുമാരിഅമ്മ. ജി, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ. ശ്രീകുമാർ, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. ഉമൈബ സലാം | പ്രസിഡന്റ് | 01-04-2020 | 11-11-2020 |
| അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി | ചെയർമാൻ | 12-11-2020 | 30-12-2020 |
| ശ്രീ . എം എസ് മുരളി | പ്രസിഡന്റ് | 31-12-2020 | 31-03-2021 |
| ശ്രീ. നൗഷാദ് എ | സെക്രട്ടറി | 01-04-2020 | 08-06-2020 |
| ശ്രീ. സുനിൽ എസ് | സെക്രട്ടറി | 09-06-2020 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. ബിനു കെ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2020 | 31-03-2021 |
| ശ്രീമതി.ആര്യ മോഹൻ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2020 | 16-09-2020 |
| ശ്രീ. അശ്വിൻദാസ് വി കെ | അസിസ്റ്റന്റ് എഞ്ചിനീയർ | 17-09-2020 | 13-10-2020 |
| ശ്രീമതി.ഹിമ എസ് വി | അസിസ്റ്റന്റ് എഞ്ചിനീയർ | 14-10-2020 | 06-02-2021 |
| ശ്രീ. അശ്വിൻദാസ് വി കെ | അസിസ്റ്റന്റ് എഞ്ചിനീയർ | 07-02-2021 | 31-03-2021 |
| ശ്രീ. കിരൺ കെ ജി | കൃഷി ഓഫീസർ | 01-04-2020 | 27-02-2021 |
| ശ്രീ ഷെയിസ് എസ് | കൃഷി ഓഫീസർ | 28-02-2021 | 31-03-2021 |
| ശ്രീമതി.ഉഷാകുമാരി | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2020 | 27-11-2020 |
| ശ്രീമതി.അഞ്ജന കമലൻ കെ പി | ഐ സി ഡി എസ് സൂപ്പർവൈസർ | 28-11-2020 | 31-03-2021 |
| ശ്രീ.റിയാസ് എ.എം. | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2020 | 02-03-2021 |
| ശ്രീ.അജീഷ് കുമാർ ബി എസ് | ഡയറി ഫാം ഇൻസ്ട്രക്ടർ | 03-03-2021 | 31-03-2021 |
| ശ്രീമതി.പ്രീത എസ്. സ്റ്റേറിയ | വെറ്റിനറി സർജൻ | 01-04-2020 | 24-06-2020 |
| ശ്രീ.നിസാം എം എ | വെറ്റിനറി സർജൻ | 25-06-2020 | 31-03-2021 |
| ശ്രീ.ഫസലുദ്ദീൻ | ഹെഡ് മാസ്റ്റർ | 01-04-2020 | 31-05-2020 |
| ശ്രീ.രാജു ബി | ഹെഡ് മാസ്റ്റർ | 01-06-2020 | 31-03-2021 |
| ശ്രീ.രാകേഷ് എസ് ആർ. | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 01-04-2020 | 31-03-2021 |

| | | | |
|---|---|---|---|
| ശ്രീ.വിനോദ്കുമാർ വി കെ | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2020 | 31-03-2021 |
| ശ്രീ.സവാദ് | അസി ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2020 | 01-02-2021 |
| ശ്രീമതി.റീന എ | അസി ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-02-2021 | 31-03-2021 |
| ശ്രീ. രതീഷ് | വി.ഇ.ഒ. | 01-04-2020 | 31-03-2021 |
| ശ്രീമതി. ജാൻസി | വി.ഇ.ഒ. | 01-04-2020 | 10-02-2021 |
| ശ്രീമതി. നുജുമ ബീവി | വി.ഇ.ഒ. | 10-02-2021 | 31-03-2021 |
| ശ്രീമതി. നജ്മുന്നിസ | വി.ഇ.ഒ. | 01-04-2020 | 06-07-2020 |
| ശ്രീമതി. വിനജ വി | വി.ഇ.ഒ. | 15-07-2020 | 31-03-2021 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Rajan.V.D (Senior Grade Auditor, On 17-02-2022)<br>Last Updated By: Naseer S (Computer Assistant, On 21-07-2022) | 1-1 |
| 2 | വാർഷികധനകാര്യപത്രിക<br>Written By: Jayakumari Amma G (Senior Grade Auditor, On 17-02-2022)<br>Last Updated By: Naseer S (Computer Assistant, On 21-07-2022) | 1-2 |
| 3 | വാർഷികധനകാര്യപത്രിക പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ<br>Written By: Jayakumari Amma G (Senior Grade Auditor, On 17-02-2022)<br>Last Updated By: Naseer S (Computer Assistant, On 21-07-2022) | 1-2.1 |
| 4 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)<br>Written By: Jayakumari Amma G (Senior Grade Auditor, On 16-02-2022)<br>Last Updated By: Naseer S (Computer Assistant, On 21-07-2022) | 1-3 |
| 5 | ഗ്രാന്റ് വിനിയോഗം<br>Written By: Jayakumari Amma G (Senior Grade Auditor, On 18-02-2022)<br>Last Updated By: Naseer S (Computer Assistant, On 23-07-2022) | 1-4 |
| 6 | പദ്ധതി അവലോകനം<br>Written By: Jayakumari Amma G (Senior Grade Auditor, On 16-02-2022)<br>Last Updated By: Naseer S (Computer Assistant, On 21-07-2022) | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി<br>Written By: Rajan.V.D (Senior Grade Auditor, On 15-02-2022)<br>Last Updated By: Naseer S (Computer Assistant, On 21-07-2022) | 1-6 |
| 8 | ക്ഷേമ പദ്ധതികൾ<br>Written By: Jayakumari Amma G (Senior Grade Auditor, On 16-02-2022)<br>Last Updated By: Naseer S (Computer Assistant, On 21-07-2022) | 1-7 |
| 9 | സർവ്വീസ് പെൻഷൻ/കുടുംബപെൻഷൻ കൈപ്പറ്റുന്നവർ അനർഹമായി സാമൂഹ്യ സുരക്ഷാപെൻഷൻ തുക കൈപ്പറ്റി.<br>Written By: Jayakumari Amma G (Senior Grade Auditor, On 19-02-2022)<br>Last Updated By: Naseer S (Computer Assistant, On 21-07-2022) | 1-7-1 |
| 10 | ക്യാഷ് പരിശോധന<br>Written By: Jayakumari Amma G (Senior Grade Auditor, On 19-02-2022)<br>Last Updated By: Naseer S (Computer Assistant, On 21-07-2022) | 1-8 |
| 11 | ആഭ്യന്തര നിയന്ത്രണം<br>Written By: Jayakumari Amma G (Senior Grade Auditor, On 19-02-2022)<br>Last Updated By: Naseer S (Computer Assistant, On 21-07-2022) | 1-9 |
| 12 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Jayakumari Amma G (Senior Grade Auditor, On 19-02-2022)<br>Last Updated By: Naseer S (Computer Assistant, On 21-07-2022) | 1-10 |
| 13 | ഒരു രസീത് ഉപയോഗിച്ച് ഒന്നിലധികം കെട്ടിടങ്ങളുടെ വസ്തു നികുതി അക്കൗണ്ടിൽ പോസ്റ്റിംഗ് നടത്തി<br>Written By: Sreekumar.S (Auditor, On 19-02-2022)<br>Last Updated By: Naseer S (Computer Assistant, On 21-07-2022) | 1-11 |
| 14 | ഇറച്ചിവ്യാപാരം-കുടിശ്ശിക<br>Written By: Sreekumar.S (Auditor, On 19-02-2022)<br>Last Updated By: Naseer S (Computer Assistant, On 21-07-2022) | 1-12 |
| 15 | സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.<br>Written By: Jayakumari Amma G (Senior Grade Auditor, On 19-02-2022)<br>Last Updated By: Naseer S (Computer Assistant, On 21-07-2022) | 1-13 |
| 16 | ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കിയിട്ടില്ല. | 1-14 |

| | | |
|---|---|---|
| | Written By: Jayakumari Amma G (Senior Grade Auditor, On 19-02-2022)<br>Last Updated By: Naseer S (Computer Assistant, On 21-07-2022) | |
| 17 | എസ് സി വിദ്യാർത്ഥികൾക്കുള്ള പഠനോപകരണങ്ങൾ പൂർണ്ണമായും വിതരണം ചെയ്തില്ല - ചെലവ് തുക തടസ്സത്തിൽ വയ്ക്കുന്നു<br>Written By: Rajan.V.D (Senior Grade Auditor, On 17-02-2022)<br>Last Updated By: Naseer S (Computer Assistant, On 23-07-2022) | 1-15 |
| 18 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി- മെറ്റീരിയൽ പ്രവൃത്തികളിൽ ജി.എസ്.റ്റി. 2% റ്റി.ഡി.എസ് ആയി കുറവ് ചെയ്തില്ല<br>Written By: Rajan.V.D (Senior Grade Auditor, On 09-02-2022)<br>Last Updated By: Naseer S (Computer Assistant, On 23-07-2022) | 1-16 |
| 19 | ഒ.ഡി.എഫ് -കക്കൂസ് നിർമ്മാണം ഒന്നാം ഗഡു കൈപ്പറ്റി എങ്കിലും പണി പൂർത്തിയാക്കില്ല.<br>Written By: Arun Kumar A (Asst. Audit Officer, On 19-02-2022)<br>Last Updated By: Naseer S (Computer Assistant, On 23-07-2022) | 1-17 |
| 20 | ബയോകമ്പോസ്റ്റ് ബിന്നുകൾ - പൂർണമായും വിതരണം നടത്തിയില്ല- വിതരണം നടത്താത്ത ബിന്നുകളുടെ വില 9,000/-രൂപ തടസ്സപ്പെടുത്തുന്നു.<br>Written By: Arun Kumar A (Asst. Audit Officer, On 19-02-2022)<br>Last Updated By: Naseer S (Computer Assistant, On 21-07-2022) | 1-18 |
| 21 | ക്രയവിക്രയമില്ലാത്ത അക്കൗണ്ടുകൾ നിലനിർത്തുന്നു.<br>Written By: Jayakumari Amma G (Senior Grade Auditor, On 19-02-2022)<br>Last Updated By: Naseer S (Computer Assistant, On 23-07-2022) | 1-19 |
| 22 | ലക്ഷങ്ങൾ ചിലവഴിച്ചിട്ടും ലക്ഷ്യം കാണാതെ പേപ്പർ ബാഗ് നിർമ്മാണ യൂണിറ്റ് - സത്വര നടപടികൾ അനിവാര്യം.<br>Written By: Arun Kumar A (Asst. Audit Officer, On 19-02-2022)<br>Last Updated By: Naseer S (Computer Assistant, On 23-07-2022) | 1-20 |
| 23 | പെർഫോമൻസ് ഗ്യാരണ്ടി, അഡീഷണൽ പെർഫോമൻസ് ഗ്യാരണ്ടി ഇവയുടെ രേഖകൾ ക്രമപ്രകാരം തയ്യാറാക്കി പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല<br>Written By: G.Sajikumar (Audit Officer (HG), On 19-02-2022)<br>Last Updated By: Naseer S (Computer Assistant, On 23-07-2022) | 1-21 |
| 24 | ടാർവീപ്പയുടെ വില ഇനത്തിൽ ഈടാക്കി തനതു ഫണ്ടിൽ സൂക്ഷിച്ചിട്ടുള്ള 32148രൂപാ സർക്കാരിലേയ്ക്ക് ഒടുക്കുവരുത്തണം<br>Written By: G.Sajikumar (Audit Officer (HG), On 19-02-2022)<br>Last Updated By: Naseer S (Computer Assistant, On 23-07-2022) | 1-22 |
| 25 | എൽ.ഇ.ഡി ലൈറ്റ് സ്ഥാപിക്കൽ (241/21), അപാകതകൾമൂലം 14,45,000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു<br>Written By: G.Sajikumar (Audit Officer (HG), On 19-02-2022)<br>Last Updated By: Naseer S (Computer Assistant, On 23-07-2022) | 1-23 |
| 26 | വെള്ളക്കരം അടവാക്കൽ (65/21) അപാകതകൾ<br>Written By: G.Sajikumar (Audit Officer (HG), On 19-02-2022)<br>Last Updated By: Naseer S (Computer Assistant, On 23-07-2022) | 1-24 |
| 27 | വിനിയോഗ/പൂർത്തീകരണ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല, ചെലവഴിച്ച 96,60,000/- രൂപ തടസ്സപ്പെടുത്തുന്നു<br>Written By: G.Sajikumar (Audit Officer (HG), On 19-02-2022)<br>Last Updated By: Naseer S (Computer Assistant, On 23-07-2022) | 1-25 |
| 28 | മൊബൈൽ ടവറുകളുടെ വസ്തു നികുതി നിർണ്ണയിച്ചിട്ടില്ല<br>Written By: Sreekumar.S (Auditor, On 19-02-2022)<br>Last Updated By: Naseer S (Computer Assistant, On 21-07-2022) | 1-26 |
| | **ഭാഗം 2** | |
| | --- No Records Found --- | |

## ഭാഗം 3

--- No Records Found ---

## ഭാഗം 4

| | | |
|---|---|---|
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Rajan.V.D (Senior Grade Auditor, On 15-02-2022)<br>Last Updated By: Naseer S (Computer Assistant, On 21-07-2022) | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Rajan.V.D (Senior Grade Auditor, On 15-02-2022)<br>Last Updated By: Naseer S (Computer Assistant, On 21-07-2022) | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Rajan.V.D (Senior Grade Auditor, On 16-02-2022)<br>Last Updated By: Naseer S (Computer Assistant, On 21-07-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Rajan.V.D (Senior Grade Auditor, On 15-02-2022)<br>Last Updated By: Naseer S (Computer Assistant, On 21-07-2022) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: Rajan.V.D (Senior Grade Auditor, On 16-02-2022)<br>Last Updated By: Naseer S (Computer Assistant, On 21-07-2022) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: Jayakumari Amma G (Senior Grade Auditor, On 19-02-2022)<br>Last Updated By: Jayakumari Amma G (Senior Grade Auditor, On 19-02-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Rajan.V.D (Senior Grade Auditor, On 16-02-2022)<br>Last Updated By: Rajan.V.D (Senior Grade Auditor, On 16-02-2022) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Rajan.V.D (Senior Grade Auditor, On 16-02-2022)<br>Last Updated By: Naseer S (Computer Assistant, On 21-07-2022) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Rajan.V.D (Senior Grade Auditor, On 16-02-2022)<br>Last Updated By: Naseer S (Computer Assistant, On 21-07-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Jayakumari Amma G (Senior Grade Auditor, On 19-02-2022)<br>Last Updated By: Naseer S (Computer Assistant, On 21-07-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Rajan.V.D (Senior Grade Auditor, On 15-02-2022)<br>Last Updated By: Naseer S (Computer Assistant, On 23-07-2022) | 4-11 |

## അനുബന്ധം

| | |
|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |
| 3 | അനുബന്ധ പത്രികകൾ |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

24/3/20 തീയതിയിലെ 1(1) തീരുമാനപ്രകാരം അംഗീകരിച്ചു.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-7-20 | 10-6-20 | | |

### 1-2.1 വാർഷികധനകാര്യപത്രിക പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ

1. കാലഹരണപ്പെട്ട ചെക്കിന്റെ വിവരങ്ങൾ Liability In Respect Of Stale Cheques ഇനത്തിൽ ഉൾപ്പെട്ടിട്ടില്ല. ചെക്ക് നം 457108/4.6.20 – Rs 126/-(Indian Bank Own Fund Account No 559566571)
2. Part Payment നൽകിയ തുകയുടെ വിശദാംശങ്ങൾ വാർഷികധനകാര്യപത്രികയിൽ ഉൾപ്പെട്ടിട്ടില്ല. (Project No 19/2021,17/2021,31/2021 പ്രകാരം ചെലവഴിച്ച തുകകൾ)
3. Property Tax On Residential And Non-residential Buildings – സഞ്ചയ പ്രകാരമുള്ള വരവ് – നീക്കിയിരുപ്പ് തുകകൾ വാർഷികധനകാര്യപത്രികയുമായി പൊരുത്തപ്പെടുന്നില്ല.

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | ₹3,45,52,004 |
| വരവ് | ₹18,32,66,599 |
| ആകെ | ₹21,78,18,603 |
| ചെലവ് | ₹18,99,19,580 |
| നീക്കിയിരിപ്പ് | ₹2,78,99,023 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/നിരാകരിക്കുന്ന തുക | ഇല്ല |
| തടസ്സപ്പെടുത്തിയ തുക | ₹1,26,68,110 |

## 1-4 ഗ്രാന്റ് വിനിയോഗം

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ് (രൂപ) | ആകെ (രൂപ) | ചെലവ് (രൂപ) | നീക്കിയിരിപ്പ്/ ലാപ്പ്സായ തുക (രൂപ) | ക്യൂ ബിൽ |
|---|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 4,02,71,625 | 4,02,71,625 | 4,02,67,105 | 4,520 | |
| വികസനഫണ്ട് (എസ്.സി.പി) | 0 | 1,44,56,000 | 1,44,56,000 | 1,44,41,096 | 14,904 | |
| ധനകാര്യ കമ്മീഷൻഗ്രാന്റ് (Untied) | 0 | 2,51,58,356 | 2,51,58,356 | 1,66,97,272 | 84,61,084 | |
| ധനകാര്യ കമ്മിഷൻഗ്രാന്റ് (Tied) | 0 | 1,39,80,000 | 1,39,80,000 | 68,87,924 | 70,92,076 | |
| മെയിന്റനൻസ് ഫണ്ട് (റോഡ്) | 0 | 1,71,28,000 | 1,71,28,000 | 1,31,56,245 | 39,71,755 | |
| മെയിന്റനൻസ് ഫണ്ട് (നോൺ റോഡ്) | 0 | 78,49,000 | 78,49,000 | 55,77,359 | 22,71,641 | |

| | | | | | | |
|---|---|---|---|---|---|---|
| സംസ്ഥാനാവിഷ്കൃത ഗ്രാന്റ് | | | | | | |
| കുടുംബശ്രീ | 0 | 1,56,600 | 1,56,600 | 0 | 1,56,600 | |
| കിന്റർഗാർട്ടൻ | 11,,30,000 | 0 | 11,30,000 | 1,62,821 | 9,67,179 | |
| ബഡ്സ് സ്കൂൾ | 12,50,000 | 0 | 12,50,000 | 12,50000 | 0 | |
| ലൈഫ് സ്റ്റേറ്റ് ഷെയർ | 0 | 20,60,000 | 20,60,000 | 20,21,752 | 38,248 | |
| ദുരിതാശ്വാസം | 7,729 | 2,35 | 7,964 | 0 | 7,964 | |
| പ്ലാൻ ഇംപ്രസ്റ്റ്, ജെ പി പി,<br>പെൻഷൻ, ടി സി<br>അക്കൗണ്ട്<br>എന്നിവയുടെ<br>ലയബിലിറ്റി ഹെഡ് | 5,05,661 | 12,291 | 5,17,952 | 0 | 5,17,952 | |
| കേന്ദ്രാവിഷ്കൃത ഗ്രാന്റ് | | | | | | |
| ICDS | 49,15,663 | 16,86,475 | 66,02,138 | 35,00,000 | 31,02,138 | |
| സാക്ഷരത | 5,365 | 108 | 5,473 | 0 | 5,473 | |
| MNREGS | 7,917 | 19,03,547 | 19,11,464 | 18,93,463 | 18,001 | |
| സമ്പൂർണ്ണശുചിത്വം | 31,30,222 | 62,05,565 | 93,35,787 | 28,16,684 | 65,19,103 | |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 290 | 279733769 | 203 | 145980975 | 0 | 87 | 70 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 7,917 | 19,03,547 | 19,11,464 | 18,93,463 | 18,001 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 10,34,54,693 | 10,34,54,693 | 10,34,54,693 | |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 54720 | 84 |
| കർഷകതൊഴിലാളി പെൻഷൻ | 8546100 | 437 |
| വിധവാപെൻഷൻ | 62423100 | 3088 |
| വാർദ്ധക്യകാലപെൻഷൻ | 86701300 | 4715 |
| വികലാംഗപെൻഷൻ | 16089500 | 825 |
| 50 വയസ്സുകഴിഞ്ഞ അവിവാഹിതരായ സ്ത്രീകൾക്കുള്ള | 737700 | 39 |

| | | |
|---|---|---|
| പെൻഷൻ | | |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 180000 | 6 |

1-7-1 സർവ്വീസ് പെൻഷൻ/കുടുംബപെൻഷൻ കൈപ്പറ്റുന്നവർ അനർഹമായി സാമൂഹ്യ സുരക്ഷാപെൻഷൻ തുക കൈപ്പറ്റി.

ഗ്രാമപഞ്ചായത്തിൽ സർവ്വീസ് പെൻഷൻ/കുടുംബപെൻഷൻ കൈപ്പറ്റുന്നവർ അനർഹമായി സാമൂഹ്യ സുരക്ഷാപെൻഷൻ തുക കൈപ്പറ്റിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ബഹു: സർക്കാരിന്റെ 23.01.2020 ലെ 07/2020/ധന നമ്പർ ,8-2-2021ലെ 14/21/ധന സർക്കുലറുകൾ പ്രകാരം അനർഹമായി തുക കൈപ്പറ്റിയ വ്യക്തികൾ പ്രസ്തുത തുക സർക്കാർ ഫണ്ടിലേക്ക് തിരികെ അടവാക്കേണ്ടതാണ്. ഇപ്രകാരം അനർഹമായി തുക കൈപ്പറ്റിക്കൊണ്ടിരിക്കുന്നവരുടെ വിവരങ്ങൾ ക്രോഡീകരിച്ച് തുടർനടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്. ലഭ്യമാക്കിയ രേഖകൾ പ്രകാരമുള്ള വിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | പേരും വിലാസവും | പി.പി .ഒ നമ്പർ | പെൻഷൻ ഐ.ഡി | പെൻഷൻ തരം/- | അനർഹമായി കൈപ്പറ്റിയ തുക /കാലയളവ് |
|---|---|---|---|---|---|
| 1 | ശ്രീമതി.സുശീല താഴവിളവീട് | 27668704 | 103650101081 | കർഷകതൊഴിലാളി പെൻഷൻ | 36,600/-<br>1.07.2016 മുതൽ<br>30.04.2019 വരെ |

മേൽ പറഞ്ഞിരിക്കുന്ന പെൻഷനറിൽ നിന്നും അവർ സാമൂഹ്യസുരക്ഷാ പെൻഷൻ ഇനത്തിൽ അനർഹമായി കൈപ്പറ്റിയ തുക തിരികെ ഈടാക്കി സർക്കാരിൽ ഒടുക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ഹാജരാക്കുന്നതിനായി നൽകിയ എൻക്വയറിക്ക് (നം.7/16.2.22) പെൻഷണർ തുക ഒടുക്കവരുത്തുന്ന മുറയ്ക്ക് വിവരമറിയിക്കുന്നതാണെന്ന മറുപടി ലഭ്യമാക്കി. തുടർ നടപടി സ്വീകരിച്ച് വിവരം ഓഡിറ്റിൽ രേഖാമൂലം അറിയിക്കേണ്ടതാണ്.

1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 16.2.2022 ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 21,337/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്ത് ജീവനക്കാരുടെ കർത്തവ്യങ്ങൾ വ്യക്തമായി രേഖപ്പെടുത്തിയ ജോലി വിഭജനരേഖ സ്ഥാപനത്തിൽ പരിപാലിച്ചിട്ടുണ്ട്. വരവുകൾ സാംഖ്യ രസീതി നൽകി സ്വീകരിക്കുന്നു. എല്ലാ സ്ഥാപനങ്ങളെയും തൊഴിൽ നികുതി ഡിമാന്റിൽ ഉൾപ്പെടുത്തിയിട്ടില്ല. ആസ്തി രജിസ്റ്റർ കാലികമല്ല.റോഡ്കണക്ടിവിറ്റി പ്ലാൻ തയ്യാറാക്കി സൂക്ഷിക്കുന്നില്ല. ഫ്രണ്ട് ഓഫീസ് ഡയറിയിലെ രേഖപ്പെടുത്തലുകൾ അപൂർണ്ണമാണ്. പ്രവൃത്തികൾ നടപ്പാക്കുന്നതിൽ കൃത്യമായ മോണിറ്ററിംഗില്ല. പേപ്പർ ബാഗ് നിർമ്മാണയൂണിറ്റ് നാളിതുവരെ പ്രവർത്തനസജ്ജമാക്കിയിട്ടില്ല. (വിശദാംശങ്ങൾക്ക് ഖ.1.20 കാണുക)

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 4.9.2021 | 4/20 -3/21 | 27.9.21 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 4.2.18 | 2013/14-2017/18 | 23.8.18 |

1-11 ഒരു രസീത് ഉപയോഗിച്ച് ഒന്നിലധികം കെട്ടിടങ്ങളുടെ വസ്തു നികുതി അക്കൗണ്ടിൽ പോസ്റ്റിംഗ് നടത്തി

(1) സഞ്ചയ സോഫ്റ്റ് വെയറിൽ വസ്തുനികുതി പിരിവ് പോസ്റ്റ് ചെയ്തത് പരിശോധിച്ചതിൽ താഴെ പറയുന്ന ഒരേ നമ്പർ രസീതുകൾ ഒന്നിലധികം കെട്ടിടങ്ങളുടെ വസ്തു നികുതി അക്കൗണ്ടിൽ പോസ്റ്റ് ചെയ്തു.

| ക്രമ നമ്പർ | രസീത് നമ്പർ | കെട്ടിട ഉടമയുടെ പേര് | പോസ്റ്റ് ചെയ്ത തീയതി | വാർഡ് നമ്പർ | കെട്ടിട നമ്പർ | പോസ്റ്റ് ചെയ്തതുക (₹) |
|---|---|---|---|---|---|---|
| 1 | 120010101356 | ഷീജ | 15/09/2020 | 8 | 732 | 1280 |
| 2 | 120010101356 | ദീപക് | 15/09/2020 | 8 | 738 | 1280 |

ഇത് സംബന്ധിച്ച് സെക്രട്ടറിക്ക് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(എൻക്വയറി 08/22 തീയതി 15/02/2022 ) ലഭ്യമാക്കിയ മറുപടിയിൽ മേൽ പറഞ്ഞ ക്രമനമ്പർ ഒന്നിൽ പറയുന്ന ശ്രീമതി.ഷീജയുടെ ഉടമസ്ഥതയിലുള്ള 8/732 നമ്പർ കെട്ടിടത്തിന്റെ വസ്തുനികുതിയാണ് 15/09/2020 ഒടുക്കവരുത്തിയതെന്നും എന്നാൽ ഡെറ്റാഎൻട്രി നടത്തിയതിലെ തെറ്റ് കാരണം ശ്രീ.ദീപക്കിന്റെ ഉടമസ്ഥതയിലുള്ള 8/738 നമ്പർ കെട്ടിടത്തിന്റെ വസ്തു നികുതി അക്കൗണ്ടിലാണ് പോസ്റ്റിംഗ് നടത്തിയതെന്നും അതിനാൽ തെറ്റായി പോസ്റ്റ് ചെയ്ത കെട്ടിടനമ്പർ 8/738 ന്റെ വസ്തു നികുതി രസീത് ക്യാൻസൽ ചെയ്യുന്നതിന് നടപടി സ്വീകരിക്കുമെന്ന് അറിയിച്ചു.രസീത് ക്യാൻസൽ രേഖകൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

(2) സഞ്ചയ സോഫ്റ്റ് വെയറിൽ വസ്തുനികുതി പിരിവ് പോസ്റ്റ് ചെയ്തത് പരിശോധിച്ചതിൽ താഴെ പറയുന്ന രസീതുബുക്കിലെ ഒരേ നമ്പർ രസീതുകൾ ഒന്നിലധികം തവണ കെട്ടിടങ്ങളുടെ വസ്തു നികുതി അക്കൗണ്ടിൽ പോസ്റ്റ് ചെയ്തതായി കാണുന്നു.

| ക്രമ നമ്പർ | രസീത് നമ്പർ | കെട്ടിടഉടമയുടെ പേര് | പോസ്റ്റ് ചെയ്ത തീയതി | വാർഡ് നമ്പർ | കെട്ടിട നമ്പർ | പോസ്റ്റ് ചെയ്ത തുക |
|---|---|---|---|---|---|---|
| 1 | 52431/88 | ഹുസൈൻ | 7-01-2020 | 14 | 186 | 1134 |
| 2 | 52431/88 | ഹുസൈൻ | 7-01-2020 | 14 | 186 | 1134 |

ഒരേ നമ്പർ രസീത് ഒന്നിലധികം പ്രാവശ്യം ഒരേ കെട്ടിടത്തിന്റെ വസ്തു നികുതിയായി സഞ്ചയയിൽ പോസ്റ്റ് ചെയ്തിട്ടുണ്ട്. ഇപ്രകാരം ഇരട്ടിപ്പ് വന്നതിനാൽ വസ്തു നികുതിയിനത്തിൽ അധികം തുക അടച്ചതായി കണക്കാക്കി അടുത്ത സാമ്പത്തിക വർഷത്തെ നികുതിയായി സഞ്ചയ സോഫ്റ്റ് വെയറിൽ ക്രമീകരിക്കപ്പെടുകയാണുണ്ടായിട്ടുള്ളത്. ഇക്കാരണത്താൽ 2021-22സാമ്പത്തിക വർഷം ലഭിക്കേണ്ട നികുതി ഡിമാന്റ് ചെയ്യാതെ പോകുകയാണുണ്ടായത്. ഇത് സംബന്ധിച്ച് സെക്രട്ടറിക്ക് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (എൻക്വയറി 08/22 തീയതി 15/02/2022 ) ലഭ്യമാക്കിയ മറുപടിയിൽ ഇരട്ടിപ്പ് വന്ന രസീത് ക്യാൻസൽ ചെയ്യുന്നതിന് നടപടി സ്വീകരിക്കുമെന്ന് അറിയിച്ചു. രസീത് പോസ്റ്റിംഗിലെ വീഴ്ചകൾ കണ്ടെത്തേണ്ടത് മേൽനോട്ടച്ചുമതലയുള്ള ഉദ്യോഗസ്ഥരാണ്. രസീത് പോസ്റ്റിംഗ് വീഴ്ചകൾ ആവർത്തിക്കാതിരിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

1-12 ഇറച്ചിവ്യാപാരം-കുടിശ്ശിക

2020-21 സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്തിലെ വിവിധ സ്ഥലങ്ങളിൽ ഗേറ്റ് ഫീസ് പിരിവ്, ഇറച്ചി വ്യാപാരം എന്നിവ നടത്തുന്നതിനുള്ള അവകാശം വിവിധ വ്യക്തികൾക്ക് ലേലം ചെയ്തു നൽകിയിരുന്നു. അതിൽ താഴെ പറയുന്ന വ്യക്തികൾ ലേലതുക ഒടുക്കുവരുത്തുന്നതിൽ വീഴ്ച വരുത്തിയിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമനമ്പർ | ലേലയിനം | ലേലം പിടിച്ച വ്യക്തി | കുടിശ്ശിക |
|---|---|---|---|
| 1 | കിഴക്കുംഭാഗം മാർക്കറ്റ് ഗേറ്റ് ഫീസ് | സുലൈമാൻ | 1,42,770 |
| 2 | കിഴക്കുംഭാഗം മാർക്കറ്റ്മാട്ടിറച്ചി വ്യാപാരം | ഫഹദ് | 4,26,000 |
| 3 | കൊല്ലായിൽ മാർക്കറ്റ് ഗേറ്റ് ഫീസ് | അമാൻപിള്ള | 6,870 |
| 4 | കൊല്ലായിൽ മാർക്കറ്റ് മാട്ടിറച്ചി വ്യാപാരം | ഷിജു | 47,590 |
| 5 | വളവ് പച്ച മാർക്കറ്റ് ഗേറ്റ് ഫീസ് | അമാൻപിള്ള | 18,578 |
| 6 | വളവ് പച്ച മാർക്കറ്റ് മാട്ടിറച്ചി വ്യാപാരം | നവാസ് | 1,28,960 |
| | ആകെ | | 7,70,768 |

ഇത് സംബന്ധിച്ച് സെക്രട്ടറിക്ക് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(എൻക്വയറി 09/22 തീയതി 15/02/2022 ) ലഭ്യമാക്കിയ മറുപടിയിൽ മേൽ പറഞ്ഞ വ്യക്തികൾക്ക് എതിരെ റവന്യൂ റിക്കവറി നടപടി സ്വീകരിച്ച് കുടിശ്ശിക തിരികെ ഈടാക്കുമെന്ന് വിശദീകരിക്കുന്നു.കുടിശ്ശിക തിരികെ ഈടാക്കി രേഖകൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

## 1-13 സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

2020-21 സാമ്പത്തിക വർഷത്തെ സ്ഥാപന തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന സ്ഥാപനങ്ങളിൽ നിന്നും സ്ഥാപനതൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | അർദ്ധവർഷം |
|---|---|---|
| 1 | കെ.എസ്.ഇ.ബി. ഇലക്ട്രിക്കൽ ഡിവിഷൻ ചിതറ | I & II |
| 2 | ബി.എസ്.എൻ.എൽ. ചിതറ | I & II |
| 3 | സർവ്വീസ് സഹകരണ ബാങ്ക്, ചിതറ | I & II |
| 4 | എൻ.എൻ.ഹോസ്പിറ്റൽ, ചിതറ | I & II |
| 5 | കേരള ഗ്രാമീൺ ബാങ്ക്, മടത്തറ | I & II |
| 6 | എസ്.എസ്.ഫ്യൂവൽസ്, ചിതറ | I & II |
| 7 | കേരള വാട്ടർ അതോറിറ്റി,ചിതറ | I & II |
| 8 | മിനി മുത്തൂറ്റ് നിധി(കെ) ലിമിറ്റഡ്, ചിതറ | I & II |
| 9 | ചിതറ റൂറൽ സഹകരണ ബാങ്ക്, ചിതറ | I & II |
| 10 | എ.പി.ആർ.എം സ്കൂൾ, ചിതറ | I & II |
| 11 | മുത്തൂറ്റ് ഫിൻ കോർപ്പ് ലിമിറ്റഡ്, മടത്തറ | I & II |
| 12 | മാവേലി സ്റ്റോർ, മടത്തറ | I & II |
| 13 | ശ്രീകൃഷ്ണ ഡെന്റൽ ക്ലിനിക്, ചിതറ | I & II |
| 14 | ഐറിസ് ഓഡിറ്റോറിയം, ചിതറ കിഴക്കുംഭാഗം | I & II |
| 15 | ഡോ.പൽപ്പ കോളേജ് ഓഫ് ആർട്സ് & സയൻസ് | I & II |
| 16 | ഇന്ത്യൻ ബാങ്ക്,ചിതറ | I & II |
| 17 | ഷാബാസ്ഓഡിറ്റോറിയം, ചിതറ | I & II |
| 18 | പോബ്സ് എന്റർപ്രൈസസ് | I & II |

മേൽ സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ

രേഖകൾ ഓഡിറ്റിൽ ഹാജരാക്കുന്നതിന് നൽകിയ എൻക്വയറിക്ക് സ്ഥാപനതൊഴിൽനികുതി ഈടാക്കി അറിയിക്കുന്നതാണെന്ന മറുപടി ലഭ്യമാക്കി. ഇത്തരത്തിലുള്ള നികുതി വരുമാനങ്ങൾ സമയബന്ധിതമായി ഈടാക്കുന്നതിൽ ജീവനക്കാരുടെ ഭാഗത്തുനിന്നുണ്ടാകുന്ന അനാസ്ഥ കൃത്യവിലോപമായി വിലയിരുത്തുന്നു. മേൽ വിഷയത്തിൽ ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു. സ്ഥാപന തൊഴിൽ നികുതി ഈടാക്കി രേഖകൾ ഹാജരാക്കേണ്ടതാണ്.

എൻക്വയറി നം. 14/16.2.2022

1-14 ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കിയിട്ടില്ല.

2020-21 സാമ്പത്തിക വർഷത്തെ തൊഴിൽനികുതി രജിസ്റ്റർ പരിശോധിച്ചതിൽ ചുവടെപ്പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | അർദ്ധവർഷം |
|---|---|---|
| 1 | എ.പി.ആർ.എം.സ്കൂൾ,ചിതറ | I & II |
| 2 | അക്ഷയ ക്വാറി,ചിതറ | I & II |
| 3 | കെ.പി.ക്രഷർ&ക്വാറി,ചിതറ | I & II |
| 4 | അക്ഷയ് എം സാന്റ് | I & II |
| 5 | അൽ-ഫാത്തിമ ക്രഷർ | I & II |
| 6 | അനന്തപുരി ബ്ലൂ മെറ്റൽസ് | I & II |
| 7 | സത്യം ഗ്രാനൈറ്റ് ഇൻഡസ്ട്രീസ് | I & II |
| 8 | ചിതറ ക്രഷർ മെറ്റൽസ് | I & II |

മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ഓഡിറ്റിൽ ഹാജരാക്കുന്നതിന് നൽകിയ എൻക്വയറിക്ക് തൊഴിൽനികുതി ഈടാക്കി അറിയിക്കുന്നതാണെന്ന മറുപടി ലഭ്യമാക്കി.ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കി രേഖകൾ ഹാജരാക്കേണ്ടതാണ്.

എൻക്വയറി നം. 14/16.2.2022

1-15 എസ് സി വിദ്യാർത്ഥികൾക്കുള്ള പഠനോപകരണങ്ങൾ പൂർണ്ണമായും വിതരണം ചെയ്തില്ല - ചെലവ് തുക തടസ്സത്തിൽ വയ്ക്കുന്നു

പദ്ധതി നമ്പർ – 216/20-21
അടങ്കൽ തുക – 6,00,000/-രൂ വികസനഫണ്ട് – SCP
ചെലവ് തുക – 5,97,476/-രൂപ (ബിൽ നം – 494/27-03-21)
നിർവഹണം – ശ്രീ. രാജു ബി. (ഹെഡ് മാസ്റ്റർ)

എസ്.സി വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ വാങ്ങുന്നതിനായി 6,00,000/-രൂപ തനത് ഫണ്ട് വകയിരുത്തി പദ്ധതി ആവിഷ്കരിച്ചിരുന്നു. മേശ ഒന്നിന് 3896.06 രൂപയും കസേര ഒന്നിന് 1082.90 രൂപയും നിശ്ചയിച്ച് ആർട്കോയിൽ നിന്നും 5,97,476/- രൂപയ്ക്ക് 120 മേശയും കസേരയും വാങ്ങി സ്റ്റോക്കിലെടുത്തിരുന്നു. എന്നാൽ വിതരണ രേഖകൾ പ്രകാരം 100 മേശയും കസേരയും മാത്രമാണ് വിതരണം ചെയ്തിട്ടുള്ളത്. വിതരണം ചെയ്യാൻ അവശേഷിക്കുന്ന 20 മേശയുടേയും കസേരയുടേയും വില 99,580/- (3896.06*20+1082.90*20) രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.
ഓഡിറ്റ് അന്വേഷണം – 11/20-21;16-02-22

1-16 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി- മെറ്റീരിയൽ പ്രവൃത്തികളിൽ ജി.എസ്.റ്റി. 2% റ്റി.ഡി.എസ് ആയി കുറവ് ചെയ്തില്ല

2017 ലെ സെൻട്രൽ ഗുഡ്സ് ആന്റ് സർവീസസ് ടാക്സ് ആക്ടിലെ വകുപ്പ് 51, കേന്ദ്ര സർക്കാരിന്റെ Central Board Of Indirect Taxes And Customs ന്റെ 13.09.2018 ലെ 50/2018 നമ്പർ നോട്ടിഫിക്കേഷൻ, കേന്ദ്ര റവന്യൂ വകുപ്പിന്റെ 14.09.2018 ലെ സർക്കുലർ നം 65/39/2018-DOR എന്നിവ പ്രകാരം 2,50,000 രൂപയിൽ കൂടുതലായി കരാർ തുകകൾ നൽകുമ്പോൾ 2% ജി.എസ്.ടി. സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത് അടക്കേണ്ടതുണ്ട്. 30.07.2019 ലെ സർക്കുലർ നം 957/ഇ ജി എസ് സി /16/ആർ ഇ ജി എസ് പ്രകാരം തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെടുത്തി വാങ്ങുന്ന സാധന സാമഗ്രികളുടെ കരാർ തുക 2.5 ലക്ഷത്തിനുമേലാണെങ്കിൽ ജി.എസ്.ടി. 2% ഉത്ഭവത്തിൽ കുറവ് ചെയ്യണമെന്ന് നിർദ്ദേശമുണ്ട്. 2020-21 സാമ്പത്തിക വർഷം നടപ്പിലാക്കിയ താഴെ കൊടുത്തിട്ടുള്ള പ്രവൃത്തികളിൽ ഇപ്രകാരം 2% ജി.എസ്.റ്റി., റ്റി.ഡി.എസ് ആയി ഈടാക്കിയിട്ടില്ല. വിശദാംശം താഴെ കൊടുക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ വിശദാംശം-പ്രവൃത്തി കോഡ് | മെറ്റീരിയൽ ഇനത്തിൽ കരാറുകാരന് നൽകിയ തുക(രൂ) | റ്റി.ഡി.എസ് ആയി ഈടാക്കേണ്ടിയിരുന്ന ജി.എസ്.റ്റി (2%) |
|---|---|---|---|
| 1 | മടത്തറ വാർഡ്-തണ്ണിക്കൽ ഇടറോഡ് കോൺക്രീറ്റിംഗ്(RC272324)<br>കരാറുകാരൻ- നിസാമുദ്ദീൻ എസ് | 264700/- | 5294/- |
| 2 | മുതയിൽ വാർഡ്-പുളക്കക്കോണം അയിരക്കുഴി റോഡ് കോൺക്രീറ്റ് (RC272355)<br>കരാറുകാരൻ- നിസാമുദ്ദീൻ എസ് | 261795/- | 5236/- |
| 3 | ചക്കമല വാർഡ്-തട്ടുപാലം 410 റോഡ് കോൺക്രീറ്റിംഗ്(RC305996)<br>കരാറുകാരൻ- നിസാമുദ്ദീൻ എസ് | 319700/- | 6394/- |
| 4 | ഇരപ്പിൽ വാർഡ്-വട്ടകൈത രാജീവ്ഗാന്ധി കുടിവെള്ളപദ്ധതി റോഡ് കോൺക്രീറ്റിംഗ്(RC306062)<br>കരാറുകാരൻ- നിസാമുദ്ദീൻ എസ് | 319700/- | 6394/- |
| 5 | കനകമല വാർഡ്-ഭജനമഠം കനകമല റോഡ് കോൺക്രീറ്റിംഗ്(RC306067)<br>കരാറുകാരൻ- നിസാമുദ്ദീൻ എസ് | 294032/- | 5881/- |
| 6 | വേങ്കോട് വാർഡ്-വേങ്കോട് മണ്ഡപക്കുന്ന് റോഡ് കോൺക്രീറ്റിംഗ്(RC305989)<br>കരാറുകാരൻ- നിസാമുദ്ദീൻ എസ് | 319698/- | 6394/- |

30.07.2019-ലെ 957/ഇ.ജി.എസ്.-സി/16/ആർ.ഇ.ജി.എസ് നമ്പർ സർക്കുലർ പ്രകാരം ജി.എസ്.റ്റി. കുറവ് ചെയ്യുന്നതിനുള്ള സൗകര്യം എം.ഐ.എസിൽ ലഭിക്കുന്നത് വരെ ജി.എസ്.റ്റി. തുക സപ്ലൈയർ ഗ്രാമപഞ്ചായത്തിൽ നേരിട്ടടക്കണമെന്നുറപ്പാക്കി ബിൽ സെറ്റിൽ ചെയ്യണമെന്നും അങ്ങനെഅടക്കുന്ന ജി.എസ്.റ്റി തുക ഗ്രാമപഞ്ചായത്ത് സെക്രട്ടറി ജി.എസ്.റ്റി. വകുപ്പിൽ യഥാസമയം അടവാക്കണെന്നും നിർദ്ദേശം പുറപ്പെടുവിച്ചിട്ടുള്ളതാണ്. സർക്കാരിന് ടാക്സ് ഇനത്തിൽ സംഭവിച്ച നഷ്ടം കരാറുകാരിൽ നിന്നും ഈടാക്കാനുള്ള നടപടി സ്വീകരിച്ച് ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

ഓഡിറ്റ് അന്വേഷണം നം : 01/10.02.2022

## 1-17 ഒ.ഡി.എഫ് -കക്കൂസ് നിർമ്മാണം ഒന്നാം ഗഡു കൈപ്പറ്റി എങ്കിലും പണി പൂർത്തിയാക്കില്ല.

പ്രോജക്ട് നം - 276/21

ഒ.ഡി.എഫ് - കക്കൂസ് നിർമ്മാണം. (സ്പിൽഓവർ)

അടങ്കൽ - ₹ 20,17,400 (സി.എഫ്.സി -₹ 4,45,400, കേന്ദ്രാവിഷ്കൃതം. – ₹15,72,000)

ആകെ ചെലവ് - ₹16,95,200 (₹4,35,200- സി.എഫ്.സി, ₹12,60,000- കേന്ദ്രാവിഷ്കൃതം.)

നിർവ്വഹണോദ്യോഗസ്ഥൻ – വി.ഇ.ഒ

മേൽ പദ്ധതി പ്രകാരം കക്കൂസ് നിർമ്മാണത്തിനായി അഡ്വാൻസ് തുക കൈപ്പറ്റിയ താഴെ പറയുന്ന ഗുണഭോക്താക്കൾ പണി പൂർത്തിയാക്കി സാക്ഷ്യപത്രം ഹാജരാക്കിയില്ല. വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| സീരിയൽ നം | ഗുണഭോക്താവിന്റെ പേര് | ബിൽ നമ്പർ | നൽകിയ തുക | ലഭ്യമാക്കിയ മറുപടി യുടെ വിവരം |
|---|---|---|---|---|
| 1 | ഷിബു, ഷിബുവിലാസം, ചിതറ വാർഡ് | 7/15.5.20 | 3,400 | തുക പലിശ സഹിതം തിരികെ ഈടാക്കുന്നതിന് നടപടിസ്വീകരിക്കുന്നതാണ് എന്നറിയിച്ചു |
| 2 | ഉഷ കുന്നിൽ വീട് കൊമ്പില്ല മൂട് വാർഡ് | 7/15.5.20<br>ചെക്ക്നം- 457124/23.6.20 | 3,400<br>6,000 | ,, |
| 3 | ലീന ലീനാ ഭവൻ കൊച്ചരിപ്പ | 7/15.5.20<br>ചെക്ക്നം- 457124/23.6.20 | 3,400<br>6,000 | |
| 4 | ശ്യാമള മഞ്ജു ഭവൻ, നെടുംമ്പാറ വാർഡ് | 7/15.5.20 | 3,400 | ,, |
| 5 | അനിത ചന്ദനവിലാസം കൊച്ചരിപ്പ | 7/15.5.20 | 3,400 | ,, |
| 6 | ഇന്ദിര സുമേഷ് ഭവൻ കൊച്ചരിപ്പ | 7/15.5.20 | 3,400 | ,, |
| 7 | ശശി കടുമ്പു വിള നാട്ട് കല്ല് ചോഴിയക്കോട് | 7/15.5.20 | 3,400 | ,, |
| 8 | ലാഞ്ജിനി തെങ്ങും മൂട് വീട് വഞ്ചിയോട് | 7/15.5.20<br>457156/6.8.20 | 3,400<br>6,000 | ,, |
| 9 | ഇന്ദിരാമ്മ രതീഷ് വിലാസം മൈലോട്കോണം | 7/15.5.20 | 3,400 | ,, |
| 10 | സുരേന്ദ്രൻ ആശാരി തടത്തിൽകര പുത്തൻ വീട്<br>വാർഡ്-22 | 7/15.5.20 | 3,400 | ,, |
| 11 | ശശി കല ഷിബു വിലാസം കാരി ച്ചിറവാർഡ് - 22 | 7/15.5.20 | 3,400 | ,, |

| | | | | |
|---|---|---|---|---|
| 12 | വിലാസിനി ജയഷ് ഭവൻ കാരിച്ചിറ | 7/15.5.20 | 3,400 | ,, |
| 13 | ഷീല ഒഴിവിളവീട് കാരിച്ചിറ | 7/15.5.20 | 3,400 | ,, |
| 14 | യൂസഫ് ജസ്നാമൻസിൽ കാരിച്ചിറ | 7/15.5.20<br>20.2.21 | 3,400<br>6,000 | ,, |
| 15 | അനില അമലാഭവൻ വാർഡ്-22 | 7/15.5.20 | 3,400 | ,, |
| 16 | വിജി ലക്ഷ്മീഭവനം ചിതറ വാർഡ് 2 | 7/15.5.20<br>ചെക്ക്-457156/7.8.20 | 3,400<br>6,000 | ,, |
| 17 | സുശീല സുശീലാ മന്ദിരം വഞ്ചിയോട് | 7/15.5.20<br>ചെക്ക്-457156/7.8.20 | 3,400<br>6,000 | ,, |
| 18 | മണിയമ്മാൾ അഭിലാഷ് ഭവൻ ചക്കമല | 7/15.5.20 | 3,400 | ,, |
| 19 | ഗ്രേസി ഗ്രേസി ഭവൻ മഹാഗണി | 7/15.5.20 | 3,400 | ,, |
| 20 | റാണി മോൾ ആയിരവല്ലി കുന്നിൽ വീട് | 7/15.5.20<br>4557177/26.8.20 | 3,400<br>6,000 | ,, |
| 21 | നസീറാ ബീവി സജിനാ മനസിൽ മന്ദിരം കുന്ന് | 7/15.5.20 | 3,400 | ,, |
| 22 | സുജാതാ തെട്ടത്തേരി വീട് മന്ദിരം കുന്ന്. | 7/15.5.20<br>1272093/15.1.21 | 3,400<br>6,000 | ,, |
| 23 | ഹലീമാബീമി തടത്തരികത്ത് പുത്തൽ വീട് കീഴ്ല്ലില | 7/15.5.20 | 3,400 | ,, |
| 24 | മീനാക്ഷി ചരുവിള പുത്തൻ വീട് | 7/15.5.20 | 3,400 | ,, |

ആയതിനാൽ ഈയിനത്തിൽ ചെലവഴിച്ച 1,29,600/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. മേൽ ഗുണഭോക്താക്കളുടെ കക്കൂസ് നിർമ്മാണം പൂർത്തീകരിക്കാനുള്ള നടപടി സ്വീകരിക്കേണ്ടതും അല്ലാത്തപക്ഷം നൽകിയതുക പിഴപലിശ സഹിതം തിരികെ ഈടാക്കേണ്ടുമാണ്.

തടസ്സം - 1,29,600/- രൂപ

ഓഡിറ്റ് എൻക്വയറി നം - 10/16.2.22

## 1-18 ബയോകമ്പോസ്റ്റ് ബിന്നുകൾ - പൂർണമായും വിതരണം നടത്തിയില്ല-വിതരണം നടത്താത്ത ബിന്നുകളുടെ വില 9,000/-രൂപ തടസ്സപ്പെടുത്തുന്നു.

പ്രോജക്ട് നം. 72/20-21

ഗാർഹിക ബയോബിൻ യൂണിറ്റുകൾ വിതരണം.

അടങ്കൽ - 36,00,000/- രൂപ ( 21,60,000 സി.എഫ്.സി, 1,080,000 കേന്ദ്രാവിഷ്കൃതം, 3,60,000

ഗുണഭേക്തൃവിഹിതം.)

ചെലവ് – 7,23,600- രൂപ (സി.എഫ്.സി)
ബിൽ നം-21/20-21 തീയതി-16.3.21 തുക-2,39,400
ബിൽ നം-28/20-21 തീയതി-30-3.21 തുക-4,84,200
നിർവ്വഹണ ഉദ്യോഗസ്ഥൻ – വി.ഇ.ഒ

മാലിന്യ സംസ്കരണത്തിന് വേണ്ടി ഗുണഭോക്താക്കൾക്ക് ബയോ ബിൻ വാങ്ങി നൽകുന്ന പദ്ധതി പ്രകാരം ബയോ കമ്പോസ്റ്റ് ബിൻ യൂണിറ്റ് ഒന്നിന് 1,800 രൂപ നിരക്കിൽ (യൂണിറ്റ് കോസ്റ്റിന്റെ 10 ശതമാനം ഗുണഭോക്തൃ വിഹിതം) 670 എണ്ണം ബയോ കമ്പോസ്റ്റ് ബിന്നുകൾ IRTC യിൽ നിന്നും വാങ്ങിയിട്ടുണ്ട്. എന്നാൽ വിതരണ രജിസ്റ്റർ, അനുബന്ധ രേഖകൾ ഇവ പരിശോധിച്ചതിൽ ആകെ 665 എണ്ണം മാത്രമേ വിതരണം നടത്തിയിട്ടുള്ളൂ.അവശേഷിക്കുന്ന 5 ബിന്നുകളുടെ വിതരണ വിവരം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ബാക്കിയുള്ള ബയോ കമ്പോസ്റ്റ് ബിന്നുകൾ എത്രയും വേഗം വിതരണം നടത്തി വിവരം അറിയിക്കുന്നതാണെന്ന് മറുപടി നൽകി. ആയതിനാൽ വിതരണം നടത്തിയിട്ടില്ലാത്ത 5ബയോ കമ്പോസ്റ്റ് ബിന്നുകൾക്കായി ചെലവഴിച്ച 9,000/- രൂപ (1800*5) തടസ്സപ്പെടുത്തുന്നു. ഇവ ഗുണഭോക്താക്കൾക്ക് വിതരണം നടത്തി വിവരം രേഖകൾ സഹിതം ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.
ഓഡിറ്റ് എൻക്വയറി നം - 10/21, തീയതി- 16-2-22

1-19 ക്രയവിക്രയമില്ലാത്ത അക്കൗണ്ടുകൾ നിലനിർത്തുന്നു.

2020-21 സാമ്പത്തിക വർഷത്തെ വാർഷികധനകാര്യപത്രിക പരിശോധിച്ചതിൽ ക്രയവിക്രയമില്ലാത്ത ചുവടെപ്പറയുന്ന അക്കൗണ്ടുകൾ നിലനിൽക്കുന്നു.

| ക്രമ നം. | ബാങ്കിന്റെ പേര്/ഫണ്ട് | നീക്കിയിരുപ്പ് തുക |
|---|---|---|
| 1 | SCB,ചിതറ-തനതുഫണ്ട് | 5923/- |
| 2 | SCB, ചിതറ-പ്ലാൻ ഇംപ്രസ്റ്റ് | 10229/- |
| 3 | SCB,ചിതറ-ജെ.പി.പി | 261715/- |
| 4 | SCB,ചിതറ-പെൻഷൻ | 19410/- |
| 5 | SCB,ചിതറ-യൂറോ കമ്മീഷൻ | 13469/- |
| 6 | SCB,ചിതറ-11952 | 1038/- |
| 7 | SCB,ചിതറ-7096 | 10321/- |
| 8 | ഇന്ത്യൻ ബാങ്ക്-TC A/c | 213129/- |

മേൽ അക്കൌണ്ടുകൾ ക്ലോസ്സ് ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയത് അറിയിക്കുന്നതിന് നൽകിയ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. ക്രയവിക്രയമില്ലാത്ത അക്കൌണ്ടുകൾ ക്ലോസ്സ് ചെയ്തു വിവരം അറിയിക്കേണ്ടതാണ്.

എൻക്വയറി നം. 13/16.2.22

1-20 ലക്ഷങ്ങൾ ചിലവഴിച്ചിട്ടും ലക്ഷ്യം കാണാതെ പേപ്പർ ബാഗ് നിർമ്മാണ യൂണിറ്റ് - സത്വര നടപടികൾ അനിവാര്യം.

പ്രോജക്റ്റ്നം – 204/21
ആകെ അടങ്കൽ - 24,45,310/- രൂപ [ വികസന ഫണ്ട് Scp ]
ആകെ ചിലവ് - 13,24,930/- രൂപ
നിർവഹണ ഉദ്യോഗസ്ഥൻ – അസി. സെക്രട്ടറി
ബിൽ നം. തീയതി - 7/21, തീയതി-29.3.21, തുക - 10,500/- രൂപ
ബിൽ നം. തീയതി - 8/21, തീയതി-29.3.21, തുക - 12,600/- രൂപ

ബിൽ നം. തീയതി - 9/21, തീയതി-29.3.21, തുക - 13,01,830/- രൂപ

ചിതറ ഗ്രാമ പഞ്ചായത്തിന്റെ 2020-21 വാർഷിക പദ്ധതിയിൽ ഉൾപ്പെട്ട പേപ്പർ ബാഗ് നിർമ്മാണ യൂണിറ്റ്, വനിതകൾക്ക് പരിശീലനം (എസ്.സി) എന്നീ പദ്ധതിയ്ക്കായി അക്രഡിറ്റഡ് ഏജൻസിയായ സിഡ്കോയിൽ നിന്ന് മെഷീനുകൾ വാങ്ങി സ്ഥാപിക്കുന്നതിന് 19-02-2021 ലെ പഞ്ചായത്ത് കമ്മിറ്റി അംഗീകാരം നൽകുയും, നിർവഹണ ഉദ്യോഗസ്ഥനായ അസിസ്റ്റന്റ് സെക്രട്ടറി 14291/16.02.21 നമ്പരായി സിഡ്കോയുമായി കരാർ വച്ചിട്ടുള്ളതുമാണ്. പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് താഴെ പറയുന്ന എസ്റ്റിമേറ്റുകൾക്കനുസരിച്ച് 29-3-21 ലെ ബിൽ നം. - 9/21 തീയതി 29.3.21 പ്രകാരം 13,01,830/-രൂപ സിഡ്കോ സെയിൽസ് എംമ്പോറിയം കൊല്ലം - അക്കൗണ്ട് നം - 57034099327 ലേക്ക് മുൻകൂറായി നൽകി.

| Sl. No. | Estimate No./ Date | Item | Amount |
|---|---|---|---|
| 1 | SSEKLM 20-21/54(7) / 16.02.21 | Automatic Paper Cutting Machine Using Gear System | 3,95,000 |
| 2 | SSEKLM 20-21/54(4) / 16.02.21 | Electification Work, Tables, Supply And Instalation Of Chain Pully, Supply And Instalation Of Staircase Delivery Charge | 1,38,650 |
| 3 | SSEKLM 20-21/54(3) / 16.02.21 | Pasting Machine (1no) Eyelet Punching Machine | 94,400 |
| 4 | SSEKLM 20-21/54(2) / 16.02.21 | Special Adjustable Creasing Machine (2no) | 1,77,000 |
| 6 | SSEKLM 20-21/54(1) / 16.02.21 | Printing Machine Two Color Flexo (1no) | 4,96,780 |
| | | Total – | 13,01,830 |


എന്നാൽ നാളിതുവരെ പേപ്പർ ബാഗ് നിർമ്മാണ യൂണിറ്റ് പ്രവർത്തനം ആരംഭിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ പദ്ധതി നിർവഹണം സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് 2,71,400/- രൂപയുടെ താഴെ പറയുന്ന ഉപകരണങ്ങൾ മാത്രമാണ് നാളിതുവരെ SIDCO നൽകിയിട്ടുള്ളത് എന്ന് മറുപടി ലഭ്യമാക്കി.

| Sl No | Name Of Machine | Invoice No/date | Amount |
|---|---|---|---|
| 1 | Pasting Machine - 1 | KLM-20-21/370 31.3.21 | 53,100 |
| 2 | Eyeld Punching Machine -1 | KLM-20-21/370 31.3.21 | 41,300 |
| 3 | Speed Adjustable Creasing Machine -2 | KLM-20-21/373 31.3.21 | 1,77,000 |
| | | Total – | 2,71,400 |

പദ്ധതിയ്ക്കായി എസ്റ്റിമേറ്റിൽ ഉൾപ്പെട്ട പ്രധാന മെഷീനുകളായ പേപ്പർ കട്ടിംഗ് മെഷീൻ, പ്രിന്റിംഗ് മെഷീൻ തുടങ്ങിയവ ലഭ്യമാക്കാതെ 13,01,830/- രൂപ മുൻകൂർ നല്കിയതിൽ 2,71,400/- രൂപയുടെ സാധനങ്ങൾ മാത്രം നൽകുകയും, നൽകിയ മെഷീനുകൾ ഉപയോഗിക്കുന്നതിന് വൈദ്യുതി കണക്ഷൻ ലഭ്യമാക്കുകയോ ചെയ്യാതെ സാമ്പത്തിക വർഷാവസാനം തിടുക്കത്തിൽ മുൻകൂറായി നൽകിയിട്ടുള്ളത് പദ്ധതി നിർവഹണത്തിൽ നിർവഹണ ഉദ്യോഗസ്ഥന്റെ ഉത്തരവാദിത്വമില്ലായ്മയാണ്.

16-2-2021 തീയതിയിൽ സിഡ്കോയുമായി നിർവഹണ ഉദ്യോഗസ്ഥൻ ഏർപ്പെട്ട കരാർ പ്രകാരം പ്രസ്തുത ഉപകരണങ്ങളുടെ വാറൻറ്റി/ഗ്യാരൻറ്റി അവ ലഭ്യമാക്കിയ തീയതി മുതൽ ഒരു വർഷത്തേക്ക് മാത്രമാണ്. നിർവഹണ ഉദ്യോഗസ്ഥരുടെ സാന്നിധ്യത്തിൽ ഓഡിറ്റ് ടീം നടത്തിയ ഭൗതിക പരിശോധനയിൽ സിഡ്കോയിൽ നിന്ന് ലഭ്യമാക്കിയ ഉപകരണങ്ങൾ പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാളിനോട്ട് ചേർന്നുള്ള ഡൈനിംഗ് ഹാളിൽ സൂക്ഷിച്ചിരിയ്ക്കുന്നതായി കണ്ടു.




ഓഡിറ്റ് എൻക്വയറി 4/21-ന് മേൽ പ്രസ്താവിത പദ്ധതി നടപ്പിലാക്കുന്നതിനായി തുടക്കത്തിൽ കണ്ടെത്തിയ സ്ഥലം മാറ്റേണ്ടി വരുകയും, മറ്റൊരു കെട്ടിടത്തിൽ ആയതിന് ഭൗതിക സാഹചര്യം ഒരുക്കേണ്ടി വന്നതിനാലും, സിഡ്കോയിൽ നിന്ന് യഥാസമയം ഉപകരണങ്ങൾ ലഭ്യമാകാതിരുന്നതിനാലും ആണ് യൂണിറ്റ് ആരംഭിയ്ക്കാൻ വൈകിയത് എന്നും, ലഭിക്കാൻ അവശേഷിക്കുന്ന മെഷീനുകൾ ഉടനേ തന്നെ ലഭ്യമാക്കാം എന്ന് സിഡ്കോയിൽ നിന്ന് ഉറപ്പ് ലഭിച്ചിട്ടുള്ള സാഹചര്യത്തിൽ യൂണിറ്റ് എത്രയും വേഗം ആരംഭിയ്ക്കുന്നതാണെന്നും മറുപടി ലഭ്യമാക്കി.

എന്നാൽ പ്രസ്തുത പദ്ധതിയ്ക്കായി 29.3.2021 തീയതിയിൽ 13,01,830/- രൂപ സിഡ്കോയ്ക്ക് മുൻകൂറായി നൽകിയ സാഹചര്യം വിശദീകരിക്കപ്പെട്ടിട്ടില്ല.

29.01.18 ലെ സ.ഉ.(കൈ)നം.11/18തസ്വഭവ, ഖണ്ഡിക 11(2)(ഡി) പ്രകാരം കേരള ജല അതോറിറ്റി, കെ.എസ്.ഇ.ബി., ഭൂജലവകുപ്പ് മുഖേനയുള്ള ഡെപ്പോസിറ്റ് വർക്കുകൾക്കാണ് മുൻകൂർ തുക നൽകുന്നതിന് നിർദ്ദേശിച്ചിട്ടുള്ളത്. സിഡ്കോയ്ക്ക് മുൻകൂർ നൽകുന്നതിന് നിലവിൽ ഉത്തരവുകളില്ല.

കരാർ വ്യവസ്ഥകൾ പരാമർശിക്കാതെ വലിയ തുക മുൻകൂർ നൽകിയെന്ന് മാത്രമല്ല. 10,30,430/- രൂപയുടെ സാധനങ്ങൾ നാളിതുവരെയും ലഭിക്കാത്ത സാഹചര്യത്തിൽ കരാർ ലംഘനത്തിന് യാതൊരു നടപടിയും സ്വീകരിച്ചതായും കാണുന്നില്ല.

പട്ടികജാതി വിഭാഗത്തിൻപ്പെട്ട വനിതകൾക്ക് വരുമാന മാർഗം കണ്ടെത്തുക, പഞ്ചായത്ത് മാലിന്യമുക്തമാക്കുക എന്നീ ലക്ഷ്യങ്ങൾ മുൻനിർത്തി ആരംഭിച്ച പദ്ധതി ലക്ഷ്യം കാണാതെ വഴിയിൽ ഉപേക്ഷിക്കപ്പെട്ട നിലയിൽ അവശേഷിക്കുന്നത് ബന്ധപ്പെട്ടവരുടെ ഭാഗത്തുനിന്നുണ്ടായ ആസൂത്രണ പിഴവും, കെടുകാര്യസ്ഥതയും അണെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

പദ്ധതി പൂർണ അർത്ഥത്തിൽ പ്രാവർത്തകമാക്കുന്നതുവരെ പദ്ധതി ചെലവ് 13,24,930/- രൂപ തടസ്സത്തിൽ വയ്ക്കുന്നു. മാത്രമല്ല ലഭ്യമാകുന്ന ഉപകരണങ്ങൾ Installation തീയതി മുതൽ വാറന്റി ഉറപ്പാക്കേണ്ടതുമാണ്. സർക്കാർ പണം സമയബന്ധിതമായും, ഫലപ്രദമായും വിനിയോഗിക്കാതെ മുൻകൂറായി നൽകിയതുമൂലം പലിശ ഇനത്തിൽ ഉണ്ടായ നഷ്ടം നിർവഹണോദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

തടസ്സപ്പെടുത്തുന്ന തുക - 13,24,930/- രൂപ

## 1-21 പെർഫോമൻസ് ഗ്യാരണ്ടി, അഡീഷണൽ പെർഫോമൻസ് ഗ്യാരണ്ടി ഇവയുടെ രേഖകൾ ക്രമപ്രകാരം തയ്യാറാക്കി പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല

ഗവ. ഉത്തരവ് 429/15/ധനം, 28-09-2015 പ്രകാരം മരാമത്ത് പ്രവൃത്തികളുടെ കരാറിൽ ഏർപ്പെടുമ്പോൾ കരാർതുകയുടെ 5% മൂല്യമുള്ള ബാങ്ക് ഗ്യാരണ്ടി പെർഫോമൻസ് ഗ്യാരണ്ടിയായി നല്കേണ്ടതാണ്. കുറഞ്ഞത് 50% തുകയെങ്കിലും ട്രഷറി യിലെ സ്ഥിരം നിക്ഷേപമായിരിക്കണം. ഇത് Defect Liability Period കഴിഞ്ഞ് 28 ദിവസം കൂടി കാലാവധി ഉള്ളതാവണം. കരാറുകാരനിൽ നിന്ന് തുക കിട്ടുവാനുണ്ടെങ്കിൽ ആയത് തട്ടിക്കിഴിച്ച് ബാക്കി പ്രസ്തുത 28 ദിവസത്തിനുശേഷം കരാറുകാരന്റെ രേഖാമൂലമുള്ള അപേക്ഷയിൽ തിരികെ നല്കണം. (Pwd Manual 2009-7). കൂടാതെ ടെണ്ടർ അംഗീകരിക്കപ്പെട്ട കരാറുകാരൻ രേഖപ്പെടുത്തിയ നിരക്ക് എസ്റ്റിമേറ്റിന്റെ 10%ത്തിൽ കുറവാണെങ്കിൽ അത്തരം കരാറുകാർ 10% ത്തിനു മുകളിലുള്ള തുകയ്ക്ക് അഡീഷണൽ പെർഫോമൻസ് ഗ്യാരണ്ടി നല്കണം. ഇതിനുശേഷം കരാറിൽ ഏർപ്പെടണം., 2020-21 സാമ്പത്തിക വർഷത്തിലെ പെർഫോമൻസ് ഗ്യാരണ്ടി, അഡീഷണൽ പെർഫോമൻസ് ഗ്യാരണ്ടി എന്നിവ ഹാജരാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് 16-02-2022 ൽ ഓഡിറ്റ് അന്വേഷണം നലികിയിരുന്നെങ്കിലും പരിശോധനയ്ക്ക് ഹാജരാക്കിയ രജിസ്റ്റർ പ്രകാരം പെർഫോമൻസ് ഗ്യാരണ്ടി, അഡീഷണൽ പെർഫോമൻസ് ഗ്യാരണ്ടി എന്നിവ സംബന്ധമായ വിവരങ്ങൾ കൃത്യമായി രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ പരിശോധിക്കുവാൻ കഴിഞ്ഞിട്ടില്ല. ആയതിനാൽ 2020-21 സാമ്പത്തിക വർഷത്തിലെ പെർഫോമൻസ് ഗ്യാരണ്ടി, അഡീഷണൽ പെർഫോമൻസ് ഗ്യാരണ്ടി എന്നിവയുടെ സൂക്ഷിപ്പിൽ ക്രമക്കേടുകൾ ഉണ്ടോയെന്ന് ഓഡിറ്റിന് പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

## 1-22 ടാർവീപ്പയുടെ വില ഇനത്തിൽ ഈടാക്കി തനതു ഫണ്ടിൽ സൂക്ഷിച്ചിട്ടുള്ള 32148രൂപാ സർക്കാരിലേയ്ക്ക് ഒടുക്കവരുത്തണം

സർക്കുലർ 59827/FM/07/ത. സ്വ ഭവ 30-10-2017 പ്രകാരം ടാർവീപ്പയുടെ വില ഏതു ഫണ്ടിൽ നിന്നാണോ ടാർ വാങ്ങിയത് അതേ ഫണ്ടിൽ ഗവ. ഉത്തരവ് (അച്ചടി) 177/06/ ധനം, തീയതി 12-04-2006 ഖണ്ഡിക 10.3 പാലിച്ച് തിരിച്ചടയ്ക്കണം. 2020-21 സാമ്പത്തിക വർഷത്തിൽ ടാർ വീപ്പയുടെ വില (ജി.എസ്.ടി ഉൾപ്പെടെ) പഞ്ചായത്ത് ഫണ്ടിലേയ്ക്ക് ഒടുക്കുവരുത്തിയിട്ടുണ്ട്. എന്നാൽ ടാർ വീപ്പയുടെ വില, ജി.എസ്.ടി എന്നിവ സർക്കാരിലേയ്ക്ക് ഒടുക്കുവരുത്തിയിട്ടില്ല. വിശദവിവരം താഴെ കൊടുക്കുന്നു.

| ക്ര നം | പ്രവൃത്തി | ടാർ വീപ്പയുടെ വില | ജിഎസ്ടി | ആകെ |
|---|---|---|---|---|
| 1 | മുതയിൽ പള്ളി റോഡ് റീ ടാറിംഗ്<br>അടങ്കൽ തുക-500000 (സംരക്ഷണ ഗ്രാന്റ്, റോഡ് )<br>ബിൽ നം-60/20-21 ,22-12-2020 | 3824 | 688 | 4512 |
| 2 | തുമ്പമൺ തൊടി റോഡ് റീ ടാറിംഗ്<br>അടങ്കൽ തുക-4,90,000 (സംരക്ഷണ ഗ്രാന്റ്, റോഡ് )<br>ബിൽ നം-97/20-21 ,08-03-2021 | 3585 | 645 | 4230 |
| 3 | കലയപുരം തുമ്പമൺതൊടി റോഡ് റീ ടാറിംഗ് & സൈഡ് കോൺക്രീറ്റിംഗ്<br>അടങ്കൽ തുക-490000 (സംരക്ഷണ ഗ്രാന്റ്, റോഡ് )<br>ബിൽ നം-98/20-21 ,08-03-2021 | 3585 | 645 | 4230 |
| 4 | കിഴുനില പ്ലാവറ പൊയ്ക റോഡ് റീ ടാറിംഗ്<br>അടങ്കൽ തുക-15000 (സംരക്ഷണ ഗ്രാന്റ്, റോഡ് )<br>ബിൽ നം-25/20-21 ,14-07-2020 | 1195 | 215 | 1410 |
| 5 | മഞ്ഞപ്പാറ റോഡ് റീ ടാറിംഗ്<br>അടങ്കൽ തുക-700000(സംരക്ഷണ ഗ്രാന്റ്, റോഡ് )<br>ബിൽ നം-02/20-21 ,17-04-2020 | 4541 | 817 | 5358 |
| 6 | മതിര എൽ പി എസ് റോഡ് റീ ടാറിംഗ്<br>അടങ്കൽ തുക-544000സംരക്ഷണ ഗ്രാന്റ്, റോഡ് )<br>ബിൽ നം-51/20-21 ,23-12-2020 | 3824 | 688 | 4512 |
| 7 | നാടാർനട തച്ചൂർ ആയിരക്കുഴി റോഡ് റീ ടാറിംഗ്<br>അടങ്കൽ തുക-740000സംരക്ഷണ ഗ്രാന്റ്, റോഡ് )<br>ബിൽ നം-78/20-21 ,10-02-2021 | 3346 | 602 | 3948 |
| 8 | മൂന്നുമുക്ക് ഇ ടി പൊയ്ക റോഡ് റീ ടാറിംഗ്<br>അടങ്കൽ തുക890000സംരക്ഷണ ഗ്രാന്റ്, റോഡ് )<br>ബിൽ നം-13/20-21 ,11-05-2020 | 3346 | 602 | 3948 |
| | | 27246 | 4902 | 32148 |

സർക്കാർ ഫണ്ടിലേയ്ക്ക് ഒടുക്കുവരുത്തേണ്ടതും, എന്നാൽ ഗ്രാമ പഞ്ചായത്തിന്റെ തനത് ഫണ്ടിൽ ഉൾപ്പെട്ടിട്ടുള്ളതുമായ ടി തുകകൾ സർക്കാരിലേയ്ക്ക് ഒടുക്കുവരുത്തി വിവരം അറിയിക്കേണ്ടതാണ്.

ഓഡിറ്റ് അന്വേഷണം - 08/15-02-2022

1-23 എൽ.ഇ.ഡി ലൈറ്റ് സ്ഥാപിക്കൽ (241/21), അപാകതകൾമൂലം 14,45,000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

പ്രോജക്ട് - എൽ.ഇ.ഡി ലൈറ്റ് സ്ഥാപിക്കൽ (241/21)

അടങ്കൽ തുക – 14,45,000/- രൂപ (ധനകാര്യ കമ്മീഷൻ അവാർഡ്)

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

KREWS, കാസർഗോഡ് എന്ന സ്ഥാപനത്തിൽ കൂടാതെ താഴെ കൊടുത്തിരിക്കും പ്രകാരം എൽ.ഇ.ഡി ഉപകരണങ്ങൾ വാങ്ങി

| ക്രമ നം | ഇനം | എണ്ണം | നിരക്ക് | തുക |
|---|---|---|---|---|
| 1 | 18W LED Street Lighting Luminary (Automatic Operation) | 300 | 2381 | 714300 |
| 2 | 24W LED Street Lighting Luminary (Automatic Operation) | 394 | 2771 | 1091774 |
| | | 694 | | 18,06,074 |

ടി സ്ഥാപനത്തിന് 13-10-21 ലെ ബിൽനം 20 പ്രകാരം 14,45,000 രൂപാ നല്കിയിട്ടുണ്ട്,ടി സ്ഥാപനത്തിന് 3,61,074/- രൂപ നല്കുവാൻ അവശേഷിക്കുന്നു. 16-01-2020 ലെ ഗ്രാമ പഞ്ചായത്ത് കമ്മറ്റിയുടെ 17(11) തീരുമാനപ്രകാരം കെ.എസ്.ഇ.ബി വഴി താഴെ കൊടുത്തിരിക്കുന്ന എണ്ണം ലൈറ്റുകൾ സ്ഥാപിക്കുന്നതിന് തീരുമാനിച്ചു

| ക്രമ നം | കെ.എസ്.ഇ.ബി ഇല. സെക്ഷൻ | എണ്ണം |
|---|---|---|
| 1 | ചിതറ | 444 |
| 2 | കടയ്ക്കൽ | 100 |
| 3 | കല്ലറ | 150 |
| | | 694 |

തുടർന്ന് ലൈറ്റുകൾ സ്ഥാപിക്കുന്നതിന് അനുവാദത്തിനും സൂപ്പർവൈസറി ചാർജ്ജ് കണക്കാക്കി ലഭ്യമാക്കുന്നതിനുമായി 3 കെ.എസ്.ഇ.ബി ഇലക്ട്രിക് സെക്ഷനുകൾക്കു കത്ത് നല്കുകയും, ചിതറ കെ.എസ്.ഇ.ബി അസി. എഞ്ചിനീയറുടെ കത്ത് പ്രകാരം 16,537 രൂപാ തനത് ഫണ്ടിൽ നിന്നും പ്രത്യേകമായി ഇലക്ട്രിസിറ്റി ബോർഡിൽ അടയ്ക്കുകയും ചെയ്തു. 28-02-2020 ൽ ചിതറ ഗ്രാമ പഞ്ചായത്ത് സെക്രട്ടറി F 6789/19 ആയി KREWS ന് അയച്ച കത്തിൽ ചിതറ കെ.എസ്.ഇ.ബി, ഇലക്ട്രിക്കൽ സെക്ഷന്റെ കീഴിൽ വരുന്ന എൽ.ഇ.ഡി ലൈറ്റുകൾ സ്ഥാപിക്കുന്നതിന് അനുമതി ലഭ്യമായിട്ടുണ്ടെന്നും ആയതിനാൽ ടി സെക്ഷന്റെ പരിധിയിൽ വരുന്ന 444 ലൈറ്റുകൾ സ്ഥാപിക്കുന്നതിന് നടപടികൾ സ്വീകരിക്കണമെന്നും അറിയിച്ചു.

(I) കടയ്ക്കൽ/കല്ലറ ഇല. സെക്ഷനുകളുടെ പരിധിയിൽ ലൈറ്റുകൾ സ്ഥാപിക്കുന്നതിന് അനുമതി ലഭിക്കുകയും ലൈറ്റുകൾ സ്ഥാപിക്കുകയും ചെയ്തതിൻറെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

(Ii) തെരുവുവിളക്കുകൾ സ്ഥാപിച്ചതു സംബന്ധിച്ച് ജനപ്രതിനിധികളുടെ സാക്ഷ്യപത്രം (പോസ്റ്റ് നമ്പർ ഉൾപ്പെടെ) പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

(Iii) എൽ.ഇ. ഡി ലൈറ്റുകൾ സ്ഥാപിച്ചതു സംബന്ധിച്ച് ബന്ധപ്പെട്ട ഇലക്ട്രിക്കൽ സെക്ഷനിൽനിന്നുള്ള സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല

(Iv) ലഭിച്ച ഇലക്ട്രിക് ഉപകരണങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തി വിതരണം നടത്തിയതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല

അപാകതകൾ ചൂണ്ടിക്കാട്ടി 14-02-2022 ൽ നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം-3) അപാകതകൾ പരിഹരിച്ച് രേഖകൾ ഹാജരാക്കുന്നതാണ് എന്ന മറുപടിയാണ് നല്കിയിട്ടുള്ളത്. ടി അപാകതകൾമൂലം ചെലവഴിച്ച 14,45,000 രൂപ തടസ്സപ്പെടുത്തുന്നു. പദ്ധതിക്കായി വകയിരുത്തിയ 14,45,000/-രൂപ പൂർണ്ണമായും ചെലവഴിച്ച ശേഷം 3,61,074/- രൂപ നല്കുവാൻ അവശേഷിക്കുന്നതായി KREWS ന്റെ ബില്ലിൽ നിന്നും വ്യക്തമാകുന്നു. വകയിരുത്തിയ തുകയിൽ അധികമായിവാങ്ങിയിട്ടുള്ളത് അംഗീകരിക്കുന്നില്ല. 241/21എന് പ്രോജക്ട് റിവൈസ് ചെയ്യാതെ അടങ്കലിനെ അധികരിച്ച് എൽ.ഇ.ടി

ലൈറ്റുകൾ വാങ്ങിയിട്ടുള്ളതിൻമേൽ കൂടുതൽ അന്വേഷണം ശുപാർശ ചെയ്യുന്നു. തെരുവു വിളക്കുകളുടെ പരിപാലനം തദ്ദേശസ്വയംഭരണ സ്ഥാപനത്തിൻറെ അനിവാര്യ ചുമതലയാണ്, ആയതിന്റെ നിർവ്വഹണത്തിൽ ഗുരുതര സ്വഭാവമുള്ള അപാകതകൾ സംഭവിക്കുന്നത് ഗൗരവമായി കണക്കാക്കുന്നു. ബന്ധപ്പെട്ട സ്ഥിരം സമിതിയുടേയും, പഞ്ചായത്ത് ഭരണസമിതിയുടേയും നിരന്തരമായ ശ്രദ്ധ തെരുവുവിളക്കു പരിപാലനത്തിൽ ഉണ്ടാകേണ്ടതാണ്.

തടസ്സപ്പെടുത്തിയ തുക - 14,45,000/- രൂപ

ഓഡിറ്റ് അന്വേഷണം - നം-3 / 14-02-2022

1-24 വെള്ളക്കരം അടവാക്കൽ (65/21) അപാകതകൾ

കേരളാ വാട്ടർ അതോറിറ്റിയുടെ ബിൽ പ്രകാരം ചിതറ ഗ്രാമ പഞ്ചായത്തിൽ 230 പൊതു ടാപ്പുകളാണ് ഉള്ളത്. ടാപ്പൊന്നിന് പ്രതിവർഷം 5,250 രൂപാ ക്രമത്തിൽ കണക്കാക്കി പ്രതിമാസം 1,00,625/- രൂപായാണ് വെള്ളക്കരം ഇനത്തിൽ പഞ്ചായത്ത് അടവാക്കിവരുന്നത്.പ്രതിവർഷം വെള്ളക്കരം ഇനത്തിൽ അടവാക്കേണ്ടതുക 12,07,500/- രൂപായാണ്.

കേരള വാട്ടർ അതോറിറ്റിയുമായി ചേർന്ന് പൊതുടാപ്പുകളുടെ എണ്ണം സംബന്ധിച്ച് നടത്തിയിട്ടുള്ള സംയുക്ത പരിശോധനയുടെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കുവാനും, ഗാർഹിക കുടിവെള്ള കണക്ഷന് പ്രാധാന്യം നല്കി പൊതുടാപ്പുകളുടെ എണ്ണം കുറയ്ക്കുന്നതിന് പഞ്ചായത്ത് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദീകരിക്കുവാനും ആവശ്യപ്പെട്ടുകൊണ്ട് 14-02-2022 ൽ ഓഡിറ്റ് അന്വേഷണം (നം-3) നല്കിയതിന്റെ അടിസ്ഥാനത്തിൻ 15-02-2022 ൽ സംയുക്ത പരിശോധന നടത്തുന്നതിന് കേരളാ വാട്ടർ അതോറിറ്റിക്ക് ഗ്രാമ പഞ്ചായത്ത് കത്തുനല്കിയെന്നറിയിച്ചു. കേരളാ വാട്ടർ അതോറിറ്റി ഗ്രാമ പഞ്ചായത്തിന് നല്കിയിട്ടുള്ള ബില്ലു പ്രകാരം വൻതുക കുടിശ്ശിക ഇനത്തിൽ കേരള വാട്ടർഅതോറിറ്റിയ്ക്ക് നല്കുവാൻ ഉണ്ട്. ആയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

Demand Notice For March/2021

| | |
|---|---|
| A. Closing Balance As On 28-02-2021 | 1,10,19,683 |
| B. Fine | 2,16,114 |
| C. Demand For The Month | 1,00,625 |
| D. Other Charge | 0 |
| Amount Payable | 1,13,36,422 |

വെള്ളക്കരം പ്രതിമാസം കൃത്യമായി അടവാക്കിയിട്ടും വൻതുക കുടിശ്ശികയായത് വിശദീകരിക്കുവാൻ ഓഡിറ്റ് അന്വേഷണത്തിൽ ആവശ്യപ്പെട്ടിരിക്കുന്നുവെങ്കിലും ആയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല.

പൊതു ടാപ്പുകളുടെ എണ്ണം സംബന്ധിച്ച് സംയുക്തപരിശോധന നടത്തേണ്ടതും, ഗാർഹിക കണക്ഷന് പ്രാധാന്യം നല്കിക്കൊണ്ട് പൊതുടാപ്പുകളുടെ എണ്ണം കുറയ്ക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതുമാണ്. കൂടാതെ വൻതുക കുടിശ്ശിക അടയ്ക്കാൻ ആവശ്യപ്പെട്ടിരിക്കുന്ന സാഹചര്യവും ആയതിൻമേൽ സ്വീകരിച്ചിട്ടുള്ള തുടർനടപടികളുടെ വിവരങ്ങൾ അറിയിക്കേണ്ടതുമാണ്.

1-25 വിനിയോഗ/പൂർത്തീകരണ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല, ചെലവഴിച്ച 96,60,000/- രൂപ തടസ്സപ്പെടുത്തുന്നു

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയിട്ടുള്ള താഴെ കൊടുത്തിട്ടുള്ള പ്രോജക്ടുകളുടെ വിനിയോഗ/പൂർത്തീകരണ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

| ക്രമ നം | പ്രോജക്ട് | തുക സ്വീകരിച്ച സ്ഥാപനം | തുക | ബിൽ നം |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 1 | പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ സോളാർ ലൈറ്റ് സ്ഥാപിക്കൽ(270/21) | പ്രോഗ്രം ഓഫീസർ, അനർട്ട് | 20,90,000 | 21 /20-21, 13-10-20 |
| 2 | വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ (347/21) | എക്സി. എഞ്ചിനീയർ, പിഎച്ച് ഡിവിഷൻ, കേരളാ വാട്ടർ അതോറിറ്റി, കൊട്ടാരക്കര | 60,70,000 | 35/20-21, 15-07-20 |
| 3 | എസ്.എസ്.എ വിഹിതം അടവാക്കൽ(2/21) | എസ്.എസ്.എ, കൊല്ലം | 15,00,000 | 13/20-21, 28-09-20 |
| | | ആകെ | 96,60,000 | |

വിനിയോഗ/പൂർത്തീകരണ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ലാത്തതിനാൽ 96,60,000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. വിനിയോഗ/പൂർത്തീകരണ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്

തടസ്സപ്പെടുത്തിയ തുക- 96,60,000/- രൂപ

ഓഡിറ്റ് അന്വേഷണം നം - 03 / 14-02-2022

1-26 മൊബൈൽ ടവറുകളുടെ വസ്തു നികുതി നിർണ്ണയിച്ചിട്ടില്ല

2011ലെ കേരള പഞ്ചായത്ത് കെട്ടിടനിർമ്മാണ ചട്ടങ്ങളിലെ ചട്ടം 118 പ്രകാരം പഞ്ചായത്തിന്റെ അനുമതിയില്ലാതെ വാർത്താവിനിമയ ഗോപുരങ്ങളോ, വാർത്താവിനിമയ തൂണുകളോ സ്ഥാപിക്കുവാൻ പാടില്ല. പഞ്ചായത്ത് അധികൃതരുടെ സാന്നിദ്ധ്യത്തിൽ നടത്തിയ പ്രാദേശികപരിശോധനയിൽ വസ്തുനികുതി നിർണ്ണയിച്ചിട്ടില്ലാത്ത മൊബൈൽ ടവറുകൾ പഞ്ചായത്ത് പരിധിയിൽ സ്ഥിതിചെയ്യുന്നതായി കണ്ടെത്തി. വിശദ വിവരം ചുവടെ ചേർക്കുന്നു.

(1) പഞ്ചായത്ത് അധികൃതരുടെ സാന്നിദ്ധ്യത്തിൽ നടത്തിയ പ്രാദേശിക പരിശോധനയിൽ കുറക്കോട് വാർഡിൽ (വാർഡ് നമ്പർ-13) ബൌണ്ടറി ലൈൻ ജംഗ്ഷന് സമീപം ഒരു മൊബൈൽ ടവർ സ്ഥിതി ചെയ്യുന്നതായി ബോധ്യപ്പെട്ടു. എന്നാൽ പഞ്ചായത്തിന്റെ രേഖകളിൽ 13-ാം വാർഡിൽ മൊബൈൽ ടവർ സ്ഥിതിചെയ്യുന്നില്ല. (സഞ്ചയ സോഫ്റ്റ്വെയർ പ്രകാരം 13-ാം വാർഡിൽ ടവർ സ്ഥിതി ചെയ്യുന്നില്ല).സ്ഥലപരിശോധനയിൽ പഞ്ചായത്തിന്റെ 13-ാം വാർഡിലുള്ള മൊബൈൽ ടവറിന് 22.09 ചതുരശ്ര മീറ്റർ വിസ്തീർണ്ണമുണ്ട്. പ്രസ്തുത മൊബൈൽ ടവറിന്റെ നികുതി നിർണ്ണയിച്ച് ഈടാക്കേണ്ടതാണ്. പെർമിറ്റ് എടുക്കാതെ അനധികൃതമായി നിർമ്മാണം നടത്തിയതാണെങ്കിൽ റെഗുലറൈസേഷൻ നടപടിക്രമങ്ങൾ സ്വീകരിച്ച് ഫീസ് ഈടാക്കേണ്ടതാണ്.

(2) പഞ്ചായത്ത് അധികൃതരുടെ സാന്നിദ്ധ്യത്തിൽ നടത്തിയ പ്രാദേശികപരിശോധനയിൽ ചിറവൂർ വാർഡിൽ (വാർഡ് നമ്പർ-14)ചിതറ ജംഗ്ഷന് സമീപം രണ്ട് മൊബൈൽ ടവർ സ്ഥിതി ചെയ്യുന്നതായി ബോധ്യപ്പെട്ടു. എന്നാൽ പഞ്ചായത്തിന്റെ രേഖകളിൽ 14-ാം വർഡിൽ കെട്ടിടനമ്പർ 205 ആയി ഒരു മൊബൈൽ ടവർ മാത്രമേ സ്ഥിതി ചെയ്യുന്നുള്ളൂ. സ്ഥലപരിശോധനയിൽ പഞ്ചായത്തിന്റെ 14 -ാംവാർഡിൽ 189-ാം നമ്പർ കെട്ടിടത്തിന് മുകളിൽ സ്ഥാപിച്ചിട്ടുള്ള മൊബൈൽ ടവറിന് 17.25 ചതുരശ്ര മീറ്റർ വിസ്തീർണ്ണമുണ്ട്. പ്രസ്തുത മൊബൈൽ ടവറിന്റെ നികുതി നിർണ്ണയിച്ച് ഈടാക്കേണ്ടതാണ്. പെർമിറ്റ് എടുക്കാതെ അനധികൃതമായി നിർമ്മാണം നടത്തിയതാണെങ്കിൽ റെഗുലറൈസേഷൻ നടപടിക്രമങ്ങൾ സ്വീകരിച്ച് ഫീസ് ഈടാക്കേണ്ടതാണ്.

പഞ്ചായത്ത് പരിധിയിൽ സ്ഥാപിച്ചിരിക്കുന്ന എല്ലാ ടവറുകളുടേയും വസ്തുനികുതി നിർണ്ണയിച്ചിട്ടുണ്ടോ എന്ന് ഉറപ്പുവരുത്തുന്നതിന് ഭരണസമിതിയുടേയും ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റിയുടെയും ഇടപെടലുകൾ ഉണ്ടാകേണ്ടതാണ്. നടപടികൾ പൂർത്തിയാക്കി വിശദാംശം രേഖാമൂലം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നമ്പർ – 16/18.02.2022

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|

| | | |
|---|---|---|
| 2020-21 | 15.02.22 | കെ.എസ്.എ.കെ.എൽ.എം/പി3 /333/22 |

## 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 59500 | 263/21-നെൽകൃഷിക്ക് വിത്തും കൂലിച്ചെലവും ഉല്പാദനോപാധികളും ലഭ്യമാക്കൽ | 59500 | |
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 890000 | 42/21-ലൈഫ് ഭവന പദ്ധതി | 890000 | |
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 280000 | 66/21 ലൈഫ് ഭവന പദ്ധതി(എസ്സ്.സി) | 280000 | |
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 720000 | 76/21 ലൈഫ് ഭവന പദ്ധതി | 720000 | |
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 600000 | 81/21-ലൈഫ് ഭവന പദ്ധതി(എസ്സ്.സി) | 600000 | |
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 275000 | 218/21 സ്കോളർഷിപ്പ് | 275000 | |
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 300000 | 296/21 ലൈഫ് ഭവന പദ്ധതി(എസ്സ്.സി) | 300000 | |
| ജില്ലാ പഞ്ചായത്ത് | 2020-21 | 1160000 | 42/21-ലൈഫ് ഭവന പദ്ധതി | 1160000 | |
| ജില്ലാ പഞ്ചായത്ത് | 2020-21 | 440000 | 66/21-ലൈഫ് ഭവന പദ്ധതി-എസ്സ്.സി | 440000 | |
| ജില്ലാ പഞ്ചായത്ത് | 2020-21 | 820000 | 81/21-ലൈഫ് ഭവന പദ്ധതി-എസ്സ്.സി | 820000 | |
| ജില്ലാ പഞ്ചായത്ത് | 2020-21 | 150000 | 208/21 അനുപൂരക പോഷകാഹാരം | 150000 | |
| ജില്ലാ പഞ്ചായത്ത് | 2020-21 | 100000 | 83/21 ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 100000 | |
| ജില്ലാ പഞ്ചായത്ത് | 2020-21 | 100000 | 242/21 ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 100000 | |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം./ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| KWA | 347/21 വിവിധ വാർഡുകളിൽ പൈപ്പ് | 35/20-21 /15.7.2020 | 60,70,000/- | - | 60,70,000/- |

| | ലൈൻ എക്സ്റ്റൻഷൻ | | | | |
|---|---|---|---|---|---|

4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുക നൽകിയിട്ടില്ല.

4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 2,95,10,000/- രൂപ വരവുണ്ട്. മുൻബാക്കി ഇല്ല. 2,95,10,000/- രൂപയിൽ 1,95,10,000/- രൂപ വിനിയോഗിച്ചിട്ടുണ്ട്.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| KURDFC | ലഭ്യമല്ല | 2,95,10,000/- | 7,71,93,293/- | 61,59,020 | | 10,05,44,273/- |

4-6 സ്ഥിര നിക്ഷേപം

ഇല്ല

4-7 ഓഡിറ്റ് റിക്കവറി

ഇല്ല

4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2004-05 | 3.2 | 2009-10 | 2-2 | ബഡ്ജറ്റ് തയ്യാറാക്കുന്നതിലുള്ള പിഴവുകൾ | ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി തെളിവെടുപ്പ് യോഗത്തിൽ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. |
| 2007-08 | 5.2.3(1) | 2010-11 | 5.2.3(1) | പരമ്പരാഗത തൊഴിൽ സംരക്ഷണം-പദ്ധതി നിർവ്വഹണത്തിൽ അപാകത | |

4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെട്ടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-15 | 99,580 | ശ്രീ. രാജു ബി, ഹെഡ് മാസ്റ്റർ, ഗവ. എൽ പി എസ് ,ചിതറഗ്രാമപഞ്ചായത്ത് |
| 1-17 | 1,29,600 | ശ്രീ. രതീഷ്, വി ഇ ഒ ചിതറ ഗ്രാമപഞ്ചായത്ത് |
| 1-18 | 9,000 | ശ്രീ. രതീഷ്, വി ഇ ഒ ചിതറ ഗ്രാമപഞ്ചായത്ത് |
| 1-20 | 13,24,930/- | ശ്രീ. ബിനു. കെ, അസി. സെക്രട്ടറി, ചിതറഗ്രാമപഞ്ചായത്ത് |
| 1-23 | 14,45,000 | ശ്രീ. സുനിൽഎസ്, സെക്രട്ടറി, ചിതറ ഗ്രാമപഞ്ചായത്ത് |
| 1-25 | 96,60,000 | |
| ആകെ | 1,26,68,110 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക |
|---|---|
| 1-7-1 | 36,600/- |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. സുനിൽ എസ്, സെക്രട്ടറി, ചിതറ ഗ്രാമപഞ്ചായത്ത് | സെക്രട്ടറി, ചിതറ ഗ്രാമപഞ്ചായത്ത് | നിരഞ്ജന പാലസ്, ഇരുത്തുട്ടിൽ, വട്ടത്താമര. പി.ഒ, കുമ്മിൾ |
| ശ്രീ. രാജു ബി, ഹെഡ് മാസ്റ്റർ ഗവ. എൽ.പി.എസ്, ചിതറ | ഹെഡ് മാസ്റ്റർ ഗവ. എൽ.പി.എസ്, ചിതറ | ആവണി വടക്കേവയൽ, കുറ്റിക്കാട്. പി. ഒ, കടയ്ക്കൽ |
| ശ്രീ. ബിനു കെ, അസി. സെക്രട്ടറി | അവധിയിൽ പ്രവേശിച്ചിരിക്കുന്നു. | തെക്കേപുത്തൻവീട്, മയ്യനാട്. പി.ഒ, കൊല്ലം |
| ശ്രീ. രതീഷ്. വി.ഇ.ഒ | വി.ഇ.ഒ, ചിതറ | ബാരത് ഭവൻ, ബലാൽ പി.ഒ, പരപ്പ, കാസർഗോഡ് |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1991-92& | കെ എസ് എ കെ എൽ എം .പി-3/430/18 ( 1)/2-03-18 |

| | |
|---|---|
| 1992-93 | |
| 1997-98 | കെ എസ് എ കെ എൽ എം .പി-3/430/18 (3)/2-03-18 |
| 1999-00 | കെ എസ് എ കെ എൽ എം .പി-3/430/18 (4)/2-03-18 |
| 2000-01 | കെ എസ് എ കെ എൽ എം .പി-3/430/18 (5)/2-03-18 |
| 2001-02 | കെ എസ് എ കെ എൽ എം .പി-3/430/18 (6)/2-03-18 |
| 2005-06 | കെ എസ് എ കെ എൽ എം .പി-3/430/18 (7)/2-03-18 |
| 2006-07 | എൽ.എഫ്.ക്യൂ.പി-4/1323/14( 12)/14-08-14 |
| 2007-08 | എൽ.എഫ്.ക്യൂ.പി-4/1571/11/29-12-11 |
| 2008-09 | എൽ.എഫ്.ക്യൂ.പി-4/1323/14(13 )/14-08-14 |
| 2009-10 & 2010-11 | എൽ.എഫ്.ക്യൂ.പി-4/1323/14(14 )/14-08-14 |
| 2011-12 & 2012-13 | എൽ.എഫ്.ക്യൂ.പി-4/26/14/09-10-14 |
| 2013-14 & 2014-15 | കെ.എസ്.എ.കെ.എൽ.എം-പി-4/249/ 16/22-02-16 |
| 2015-16 | കെ.എസ്.എ.കെ.എൽ.എം-പി-4-329/2017/ 11.2.2017 |
| 2016-17 | കെ എസ് എ കെ എൽ എം .പി-3/1723/17/10.10.2017 |
| 2017-18 | കെ എസ് എ കെ എൽ എം .പി-3/91/19/05.04.19 |
| 2018-19 | കെ.എസ്.എ.കെ.എൽ.എം.പി.3/1521/2019/09.12.2019 |
| 2019-20 | കെ.എസ്.എ.കെ.എൽ.എം.പി.3/332/2022/ 24.06.2022 |

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കൊല്ലം ജില്ലയിലെ ചിതറ ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കൊല്ലം ജില്ലയിലെ ചിതറ ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം - 3

## അനുബന്ധ പത്രികകൾ

| | | |
|---|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract) |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 3 | ബാലൻസ് ഷീറ്റ് | |

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ)

ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്